## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം – ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ നം.974/2020 നമ്പർ കേസിൽ പുറപ്പെടുവിച്ച ഉത്തരവ് – അനുപാലനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തീയതി 25.06.2020 ലെ ഒ.എ നം.974/2020 കേസിന്മേൽ പുറപ്പെടുവിച്ച ഉത്തരവ്.

## ഉത്തരവ് നം.ഇ.എ 1-38230/2020/ആ.വ.ഡ തീയതി 12.10.2020

ആരോഗ്യ വകുപ്പിൽ കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ 01.09.2019 തീയതി മുതൽ ജൂനിയർ കൺസൾട്ടന്റ് മെഡിസിൻ തസ്തികയിൽ ജോലി നോക്കി വരുന്ന ഡോ. ഷൈല രാജ്. എൽ.റ്റി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഒ.എ നം.974/2020 നമ്പരായി കേസ് ഫയൽ ചെയ്തിരിക്കുന്നു.

പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശ പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ഡോ. ഷൈല രാജ്. എൽ.റ്റി യെ ആരോഗ്യവകുപ്പ് ഡയറക്ടർ നേരിട്ട് കേട്ട് ഒരു മാസത്തിനകമോ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്തുന്നതിന് മുൻപോ ടിയാരിയുടെ Annexure A4 നിവേദനത്തിൻമേൽ ഉചിതമായ തീരുമാനമെടുക്കുവാൻ ഉത്തരവായിട്ടുണ്ട്. 23.09.2020 തീയതിയിൽ ഓൺലൈൻ മുഖേന പ്രസ്തുത ഡോക്ടറെ നേരിട്ട് കേൾക്കുകയും ടി ഡോക്ടർക്ക് ബോധിപ്പിക്കുവാനുണ്ടായിരുന്ന വസ്തുതകൾ അറിയുകയും ചെയ്തു.

നേരിട്ട് കേൾക്കുന്ന വേളയിൽ ടിയാരി തിരുവനന്തപുരം ജില്ലയിലെ സ്ഥിരതാമസക്കാരിയാണെന്നും കൊല്ലം ജില്ലയിലേക്ക് ദിനംപ്രതി യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ടാണെന്നും നിരവധി ശാരീരിക പ്രശ്നങ്ങൾ ഉണ്ടെന്നും അറിയിച്ചു.

എന്നാൽ വകുപ്പിൽ നിലവിൽ പൊതുസ്ഥലംമാറ്റം 2020 സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. അപേക്ഷകൾ പരിശോധിച്ചതിൽ ടിയാരിയെക്കാളും സീനിയർ ആയിട്ടുള്ള താഴെപ്പറയുന്ന ഡോക്ടർമാർ തിരുവനന്തപുരം ജില്ലയിലെ ജനറൽ ആശുപത്രിയിൽ ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ ഒഴിവിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം. | പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും | പ്രസ്തുത സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1. | ഡോ. ഗ്രീഷ്മ. എസ്<br>ജൂനിയർ കൺസൾട്ടന്റ്<br>ജില്ലാ ആശുപത്രി, കണ്ണൂർ | 24.12.2017 |
| 2. | ഡോ. ബ്രിജ്ജ രാമൻകുട്ടി<br>ജൂനിയർ കൺസൾട്ടന്റ്<br>താലൂക്ക് ആശുപത്രി, അടിമാലി, ഇടുക്കി | 17.01.2018 |

മേൽ വിവരങ്ങൾ ഡോ. ഷൈലരാജ്. എൽ.റ്റി യെ അറിയിച്ചിട്ടുള്ളതും ടിയാരിയുടെ അപേക്ഷ പരിഗണിക്കുവാൻ കഴിയാത്തതുമാണ്. മേൽ സാഹചര്യത്തിൽ ടിയാരിയുടെ അപേക്ഷ നിരസിച്ച് കൊണ്ട് ഉത്തരവാകുന്നു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ നം.974/2020 കേസിൽ 25.06.2020 ലെ തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് ഇപ്രകാരം അനുപാലനം ചെയ്ത് ഉത്തരവാകുന്നു.

ഒപ്പ്/-
ഡോ. സരിത. ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ഡോ. ഷൈലരാജ്. എൽ.റ്റി
ജൂനിയർ കൺസൾട്ടന്റ്
താലൂക്ക് ആശുപത്രി കൊട്ടാരക്കര, കൊല്ലം

പകർപ്പ്

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/എറണാകുളം
2) അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം/എറണാകുളം
3) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം/കൊല്ലം.

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്

റ്റി.എസ്സ് 12/10/2020